# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2475 — 07.02.2019-ൽ മറുപടിയ്ക്ക്

## സഹകരണ മേഖലയെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി യു. പ്രതിഭ<br>ശ്രീ.സി.കൃഷ്ണൻ<br>പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ.പി. ഉണ്ണി | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ മേഖലയെ സംരക്ഷിക്കുന്നതിനും കൂടുതൽ ജനകീയമാക്കുന്നതിനും ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) സംസ്ഥാനത്തെ ഹ്രസ്വകാല വായ്പ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽ നിന്നും ദ്വിതല സമ്പ്രദായത്തിലേയ്ക്ക് പുനർക്രമീകരിച്ച് ഒരു പുതിയ ബാങ്ക് രൂപീകരിക്കുന്നതിന് റിസർവ്വ് ബാങ്കിന് അപേക്ഷ സമർപ്പിക്കുകയും ആയതിന് തത്വത്തിൽ അംഗീകാരം ലഭിക്കുകയും ചെയ്തിരുന്നു. നോട്ട് നിരോധന കാലത്ത് കേരളത്തിലെ സഹകരണ സംഘങ്ങൾ അഭിമുഖീകരിച്ച വലിയ പ്രതിസന്ധികൾ തരണം ചെയ്യുന്നതിനും, പുതിയ ടെക്നോളജിയും പ്രോഡക്ടുകളും സഹകരണ മേഖലയെ ആശ്രയിച്ച് ഇടപാടുകൾ നടത്തുന്നവർക്ക് ലഭ്യമാക്കുന്നതിനും കേരള ബാങ്ക് രൂപീകരണത്തോടെ സാധ്യമാവും. ഇത് സഹകരണ മേഖലയുടെ മുഖഛായ മാറ്റുന്നതിന് ഏറെ സഹായകരമായിത്തീരും. വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ, സഹകരണ സംഘങ്ങൾ വഴി ഗുണഭോക്താക്കളുടെ വീട്ടിലെത്തിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ബ്ലേഡ് പലിശക്കാരെ ഒഴിവാക്കുന്നതിനു വേണ്ടി 'മുറ്റത്തെ മുല്ല' പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. KSRTC ജീവനക്കാരുടെ പെൻഷൻ നല്കുന്നതിന് സഹകരണ വകുപ്പ് വഹിച്ച പങ്ക് ഏറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. സംസ്ഥാനത്ത് അരിയുടെ ക്ഷാമം പരിഹരിക്കുന്നതിനും പൊതു വിപണിയിലെ |

വില പിടിച്ചു നിർത്തുന്നതിനും കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെ കൂടി ഉൾപ്പെടുത്തി കൺസോർഷ്യം രൂപീകരിച്ച് നടത്തിയ ഇടപെടലുകൾ വഴി അരിയുടെ വിലക്കയറ്റം തടയാനും കഴിഞ്ഞു. നവകേരളീയം കുടിശ്ശിക നിവാരണം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും നിക്ഷേപ സമാഹരണ പരിപാടിയും നടപ്പാക്കിയതുവഴി സംഘങ്ങളിലെ നിഷ്ക്രിയ ആസ്തി കുറച്ചുകൊണ്ടുവരുന്നതിനും കൂടുതൽ നിക്ഷേപം സ്വരൂപിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്ത് ആദ്യമായി ഒരു സഹകരണ നയം രൂപീകരിച്ചു. പ്രളയം/ഉരുൾപൊട്ടൽ തുടങ്ങിയ പ്രകൃതിദുരന്തങ്ങളിൽപ്പെട്ടവർക്ക് വിവിധ ആശ്വാസ നടപടികൾക്കായി പ്രത്യേകം പദ്ധതികൾ തയ്യാറാക്കി. കെയർഹോം പദ്ധതി പ്രകാരം പ്രളയ ദുരന്തത്തിൽ വീടുകൾ നഷ്ടപ്പെട്ടവർക്ക് ആദ്യഘട്ടത്തിൽ 2000 വീടുകൾ സഹകരണ മേഖല നിർമ്മിച്ചു നൽകിവരുന്നു. ഈ മേഖലയിലുള്ള സഹകാരികൾ, ജീവനക്കാർ തുടങ്ങിയവർക്ക് കാലാനുസൃതമായ രീതിയിൽ വിവിധ പരിശീലനങ്ങൾ നൽകുന്നതിനായി ACSTI യെ ഒരു സ്വയംഭരണ സ്ഥാപനമാക്കി നെൽകർഷകരെ സഹായിക്കുന്നതിനായി നെല്ല് സംഭരണവും ഭാവിയിൽ മില്ല് സ്ഥാപിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഓഹരി മൂലധനം, വായ്പ സബ്സിഡി സഹായങ്ങൾ നൽകി പ്രാഥമിക സഹകരണ സംഘങ്ങളെയും കൺസ്യൂമർ ഫെഡിനേയും നീതി സ്റ്റോറുകൾ/നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവയെയും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. വനിത ഫെഡറേഷന് ആധുനികവൽക്കരണത്തിനും, കമ്പ്യൂട്ടർവൽക്കരണത്തിനും സഹായം നൽകി വരുന്നു. പാവപ്പെട്ട ജനവിഭാഗങ്ങളുടെ നേട്ടം ലക്ഷ്യമിട്ടിട്ടുള്ള നൂതന സംരംഭങ്ങൾ ആരംഭിക്കുന്നതിനായി മാതൃകാ സഹകരണ

സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചുകൊണ്ട് അവരുടെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിച്ച് വരുന്നുണ്ട്. വിപണനം, കാർഷിക സംസ്കരണം, ആരോഗ്യം തുടങ്ങിയ മേഖലകൾക്ക് വേണ്ടിയുള്ള ആർ.ഐ.ഡി.എഫ് ധനസഹായ പദ്ധതി നടപ്പിലാക്കി വരുന്നു. കേപ്പിന്റെ കീഴിലുള്ള പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനും നിർമ്മാണ പ്രവർത്തനങ്ങൾക്കുമായുള്ള ധനസഹായം നൽകി പ്രവർത്തനം മെച്ചപ്പെടുത്തിയിട്ടുണ്ട്. എല്ലാ ഗ്രാമ പഞ്ചായത്തുകളിലേയും കാർഷിക പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി സഹകരണ സ്ഥാപനങ്ങൾ ആരംഭിച്ച് കർഷക സേവന കേന്ദ്രങ്ങൾക്ക് ധനസഹായം നൽകി പ്രവർത്തനം വിപുലീകരിച്ചിട്ടുണ്ട്. കേരളത്തിലെ സാധാരണ ജനങ്ങൾക്ക് മിതമായ നിരക്കിൽ ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിനായി ആശുപത്രി സഹകരണ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നു. സഹകരണ സംഘങ്ങൾ മുഖേന വൃക്ഷത്തൈകൾ നട്ടുവളർത്തുന്ന ഹരിതം സഹകരണം എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) സ്ത്രീകളുടെ ശാക്തീകരണവും സാമ്പത്തിക ഉന്നമനവും ലക്ഷ്യമാക്കി രൂപീകരിച്ചിട്ടുള്ള വനിതാ സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി ഇവയുടെ പ്രവർത്തനങ്ങൾ വൈവിധ്യവൽക്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) നീതി മെഡിക്കൽ സ്റ്റോറുകൾ, വനിതാ ഡ്രൈവിംഗ് സ്കൂളുകൾ, ചെറുകിട വ്യവസായ സംരംഭങ്ങൾ എന്നിവ ആരംഭിച്ചതിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ട് വനിതാ ശാക്തീകരണവും, സാമ്പത്തിക ഉന്നമനവും സാധിതമാക്കുന്നതിനും സർക്കാർ ധനസഹായങ്ങൾ ലഭ്യമാക്കുന്നുണ്ട്. പ്രധാനമായും ഓഹരി പങ്കാളിത്തം, ഗ്രാന്റുകൾ, സബ്സിഡികൾ എന്നീ ഇനങ്ങളിലാണ് വനിതാ സഹകരണ സംഘങ്ങൾക്ക് ധനസഹായം ലഭ്യമാകുന്നത്. കേരള വനിതാ സഹകരണ സംഘത്തിന് (വനിതാഫെഡ്) 2,94,85,500/- രൂപ ധനസഹായം നൽകിയിട്ടുണ്ട്. വനിതാ സഹകരണ

സംഘങ്ങൾ കമ്പ്യൂട്ടർ വത്കരണത്തിലൂടെ ശാക്തീകരണ നടപടികൾ സ്വീകരിച്ചു വരുന്നു. സ്ത്രീകളുടെ ശാക്തീകരണവും സാമ്പത്തിക ഉന്നമനവും ലക്ഷ്യമാക്കി രൂപീകരിച്ചിട്ടുള്ള വനിതാ സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി ഇവയുടെ പ്രവർത്തനങ്ങൾ വൈവിദ്ധ്യവത്കരിക്കുന്നതിന് ടി സംഘങ്ങൾക്ക് പരമാവധി 2 ലക്ഷം രൂപ വരെ സർക്കാർ ഓഹരി മൂലധന സഹായവും പരമാവധി 5 ലക്ഷം രൂപ വരെ പ്രവർത്തന മൂലധന ഗ്രാന്റും, പരമാവധി 15 ലക്ഷം രൂപ വരെ ദുർബല വനിതാ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനുള്ള ധനസഹായവും അനുവദിക്കുന്നുണ്ട്.

(സി) മതിയായ മൂലധനം ഇല്ലാതെ സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്ന എസ്. സി./എസ്. ടി. സഹകരണ സംഘങ്ങൾക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) മതിയായ മൂലധനമില്ലാതെ സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്ന എസ്.സി/എസ്.റ്റി സഹകരണ സംഘങ്ങൾക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് ചുവടെ പറയും പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്.

1. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് സർക്കാർ ഓഹരി മൂലധനമായി 4 ലക്ഷം രൂപ അനുവദിച്ചു വരുന്നു.

2. എസ്.സി/എസ്.റ്റി വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകുന്നതിന് ടി സംഘങ്ങളിൽ കമ്പ്യൂട്ടർ പരിശീലന കോഴ്സുകൾ ആരംഭിക്കുന്നതിനായി ഓഹരി ഇനത്തിൽ 1,50,000/- രൂപയും സബ്സിഡി ഇനത്തിൽ 3,50,000/- രൂപയും ഉൾപ്പെടെ ആകെ 5,00,000/- രൂപ അനുവദിച്ചു വരുന്നു.

3. എസ്.സി/എസ്.റ്റി സഹകരണ സംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് പ്രവർത്തന മൂലധന ഗ്രാന്റായി 5,00,000/- രൂപ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

4. എസ്.സി/എസ്.റ്റി സഹകരണ സംഘങ്ങളുടെ വികസനത്തിനും പുനരുദ്ധാരണത്തിനുമായി റിവൈവൽ സ്കീം പ്രകാരം ഓഹരി ഇനത്തിൽ 5 ലക്ഷം രൂപയും, സബ്സിഡി ഇനത്തിൽ 15 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 20 ലക്ഷം രൂപ അനുവദിക്കുന്നതിന് നടപടിയായിട്ടുണ്ട്.

5. നഷ്ടത്തിൽ പ്രവർത്തിച്ച് വരുന്ന എസ്.സി/എസ്.റ്റി സംഘങ്ങളിൽ നൂതന പദ്ധതികൾ ആവിഷ്കരിച്ച് കൂടുതൽ അംഗങ്ങൾക്ക് തൊഴിൽ ലഭ്യമാകുന്നതിന് സ്പെഷ്യൽ റിവൈവൽ സ്കീം പ്രകാരം ഓഹരി ഇനത്തിൽ 10 ലക്ഷം രൂപയും, സബ്സിഡിയിനത്തിൽ 30 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 40 ലക്ഷം രൂപ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഭവന നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(ഡി) ഭവന നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി സംസ്ഥാനത്തെ പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങൾക്ക് ഒരു ലക്ഷം രൂപ വരെ ഓഹരി മൂലധന സഹായം അനുവദിക്കുന്നുണ്ട്. കൂടാതെ കേരള സംസ്ഥാന ഭവന നിർമ്മാണ ഫെഡറേഷനും സർക്കാർ ധനസഹായം നൽകി വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**